# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2359 14.06.2019- ൽ മറുപടിക്ക്

## ചെറുകിട വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**

**ഉത്തരം**

**ശ്രീ. ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

എ) ചെറുകിട വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

എ) & ബി) ചെറുകിട വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി വ്യവസായ വകുപ്പ് മുഖേന ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- **സംരംഭകത്വ സഹായ പദ്ധതി.**

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകുന്നതിനായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു.

1. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.
2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.
3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം

രൂപ അധിക സാമ്പത്തിക സഹായം നൽകി വരുന്നു.

4. കേന്ദ്ര / സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

5. വ്യവസായ വകുപ്പ് ശുപാർശ ചെയ്യുന്ന പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന ടേം ലോൺ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ഉൽപാദന മേഖലയിലെ ചെറുകിട സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതി പ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ്പ് സപ്പോർട്ടായി നൽകുന്നു.

- **നാനോ / ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി.**

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ് ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും വീട്ടിലുള്ളതോ, വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

- **തകർച്ച നേരിടുന്ന എം.എസ്.എം.ഇ - കളുടെ പുനരുദ്ധാരണ പദ്ധതി.**

തകർച്ച നേരിടുന്ന എം.എസ്.എം.ഇ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാനായി ഒരു വിദഗ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ കളെ കണ്ടെത്തുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ വികസന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ പീഡിത വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ധനസഹായം നൽകിയിട്ടുണ്ട്.

- **കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ആശ)**

  കരകൗശല മേഖലയിലെ ആർട്ടിസന്മാർക്ക് സ്ഥിരമൂലധനത്തിന്റെ ജനറൽ വിഭാഗത്തിന് 40% പരമാവധി 2 ലക്ഷം രൂപയും, വനിതകൾ/ യുവാക്കൾ/ എസ്.സി/ എസ്.റ്റി വിഭാഗങ്ങൾക്ക് 50% പരമാവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്.

ചെറുകിട വ്യവസായ സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ടേം വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, ഹ്രസ്വകാല വായ്പകൾ, സ്റ്റാർട്ട് അപ്പിനായിട്ടുള്ള വായ്പാ പദ്ധതികൾ എന്നിവ പ്രോജക്ടിന്റെ വയബിലിറ്റിയുടെയും പ്രമോട്ടറുടെ കഴിവിന്റെയും അടിസ്ഥാനത്തിൽ അനുവദിച്ചു വരുന്നു.

കെ.എസ്.ഐ.ഡി.സി മുഖേന, നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഈ ഇനത്തിൽ ലഭിയ്ക്കാവുന്ന പരമാവധി ധനസഹായം മൊത്തം നിക്ഷേപത്തിന്റെ 90% -മോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ 6 വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പയും നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**